**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 947** — **30-06-2022 - ൽ മറുപടിയ്ക്ക്**

**കാട്ടുപന്നികളെ വെടിവെക്കാനുള്ള ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികളെ അധികാരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിൽ വ്യക്തതയില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; | (എ) | **കർഷകരുടെ ജീവനും സ്വത്തിനും ഭീഷണിയായ കാട്ടുപന്നികളെ വെടിവെച്ച് കൊല്ലാൻ തദ്ദേശസ്വയംഭരണ വകുപ്പ് മേധാവികളെ അധികാരപ്പെടുത്തിക്കൊണ്ടുള്ള 28.05.2022-ലെ സ.ഉ.(കൈ) നം. 29/2022/വനം ഉത്തരവിൽ 8 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള വ്യക്തമായ ഉത്തരവാണ് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്.** |
| (ബി) | കാട്ടുപന്നികളുടെ ജഡം മറവു ചെയ്യുന്നതിന് നിർദ്ദേശിക്കുന്ന ശാസ്ത്രീയ മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | (ബി) | **കാട്ടുപന്നികളുടെ ജഡം മറവ് ചെയ്യുന്നതിന് ജഡം കത്തിക്കുക, മണ്ണെണ്ണ ഒഴിച്ച് യഥാവിധി കുഴിച്ച് മൂടുക എന്നിവ ഉൾപ്പെടെയുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.** |
| (സി) | കാട്ടുപന്നികളെ ഉപാധിരഹിതമായി കൊല്ലുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | ഉപാധി രഹിതമായി കാട്ടുപന്നികളെ കൊല്ലുന്നതിന് നിലവിൽ പരിമിതികളുണ്ട്. |

സെക്ഷൻ ഓഫീസർ